പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2056 17.03.2015-ൽ മറുപടിക്ക്

## ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

**ചോദ്യം**

ശ്രീ. ബി. സത്യൻ :

**ഉത്തരം**

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ആകെ എത്ര ബസുകളുണ്ട്; ഡിപ്പോ തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കാമോ; | (എ) | ആറ്റിങ്ങൽ ഡിപ്പോയിൽ നിലവിൽ 4 JnNURM ഉൾപ്പടെ ആകെ 99 ബസുകളുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.<br>ഓർഡിനറി - 61 എണ്ണം<br>ഫാസ്റ്റ് പാസഞ്ചർ - 34 എണ്ണം<br>JnNURM - 4 എണ്ണം<br>കിളിമാനൂർ ഡിപ്പോയിൽ നിലവിൽ 9 JnNURM ഉൾപ്പടെ ആകെ 81 ബസുകളുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.<br>ഓർഡിനറി - 55 എണ്ണം<br>ഫാസ്റ്റ് പാസഞ്ചർ - 17 എണ്ണം<br>JnNURM - 9 എണ്ണം |
| (ബി) | ഇതിൽ സർവ്വീസ് നടത്താൻ കഴിയുന്നവ എത്ര, കഴിയാത്തവ എത്രയെന്ന് ഡിപ്പോ തിരിച്ച് വിശദമാക്കാമോ; | (ബി) | 10.03.2015-ലെ കണക്കനുസരിച്ച് ആറ്റിങ്ങൽ ഡിപ്പോയിൽ ആകെയുള്ള 99 ബസുകളിൽ 10 എണ്ണം വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരിക്കുകയാണ്. 89 എണ്ണം സർവ്വീസ് നടത്തുന്നുണ്ട്.<br>കിളിമാനൂർ ഡിപ്പോയിൽ ആകെയുള്ള 81 ബസുകളിൽ 10 എണ്ണം വിവിധ അറ്റകുറ്റ പണികൾക്കായി പിടിച്ചിരിക്കുകയാണ്. 71 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ ഡിപ്പോകളിലേക്ക് പുതിയ ബസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കുമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്.<br>ആറ്റിങ്ങൽ ഡിപ്പോയിൽ നിലവിൽ ഒരു പുതിയ ബസ് അനുവദിച്ചിട്ടുണ്ട്. പുതിയ ബസുകളുടെ ബോഡി നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകൾക്ക് കൂടുതൽ ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ